സർക്കാർ ഉത്തരവ് പ്രകാരംതന്നെ റദ്ദാക്കുകയും ചെയ്തിരുന്നു. ഇപ്രകാരം പുനർ വിന്യസിക്കപ്പെട്ട തസ്തികകളിൽ ഏഴ് ജീവനക്കാരെ അവർ ജോലിചെയ്തിരുന്ന ആശുപത്രികളിൽനിന്ന് വിടുതൽ ചെയ്യുന്നതിന് തദ്ദേശിയരുടെയും ജനപ്രതിനിധികളുടെയും എതിർപ്പുമൂലം സാധിച്ചിട്ടില്ല. വർക്കല ഗവൺമെന്റ് ആശുപത്രിയിൽ അത്യാഹിത വിഭാഗം ഉൾപ്പെടെ 24 മണിക്കൂറും പ്രവർത്തിക്കുന്നതിന് ആവശ്യമായ ഡോക്ടർമാരുൾപ്പെടെയുള്ള 19 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 20 കിടക്കകളുള്ള വാർഡ് പണിയുന്നതിന് 14,30,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുമുണ്ട്.

(8) വിഷമദ്യ ദുരന്തം സംബന്ധിച്ച കമ്മീഷൻ റിപ്പോർട്ട്

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, എന്റെ മണ്ഡലത്തിലെ കല്ലുവാതുക്കലിൽ 2001 ഒക്ടോബർ 21-ാം തീയതി നടന്ന വിഷമദ്യ ദുരന്തത്തിൽ 31 പേർ മരണപ്പെട്ട സംഭവം എല്ലാവർക്കും അറിയാവുന്നതാണ്. അതുസംബന്ധിച്ച് അന്വേഷിക്കാനാണ് ജസ്റ്റീസ് മോഹൻകുമാർ കമ്മീഷനെ നിയോഗിച്ചത്. ഞാൻ തന്നെ ഈ നിയമസഭയിൽ ശ്രദ്ധക്ഷണിക്കലിലൂടെയും നിരവധി ചോദ്യങ്ങളിലൂടെയും ചോദിച്ചിട്ടും ജസ്റ്റീസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ല. രാഷ്ട്രീയ നേതാക്കന്മാരുടെ മാസപ്പടിയെക്കുറിച്ചും അതുപോലെതന്നെ എക്സൈസ് ഡിപ്പാർട്ടുമെന്റിനെ പിരിച്ചുവിട്ട് പോലീസിൽ ലയിപ്പിക്കണമെന്നുള്ള നിർദ്ദേശങ്ങൾ അടക്കം അതിലുണ്ടെന്നാണ് അറിയുന്നത്. വിലകുറഞ്ഞ മദ്യം ലഭ്യമാക്കണമെന്നൊക്കെ ജസ്റ്റീസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെന്നാണ് അറിയുന്നത്. ഈ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാത്തത് ദുരൂഹമായ സാഹചര്യത്തിലാണ്. അത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, 2001 ഒക്ടോബർ 21-ന് നടന്ന വിഷമദ്യ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ ജസ്റ്റീസ് മോഹൻകുമാർ കമ്മീഷനെ നിയോഗിച്ചു. കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചു. രണ്ട് വർഷം മുമ്പ് ലഭിച്ചതാണ്. ആ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. ആ റിപ്പോർട്ട് ധനകാര്യ വകുപ്പിന്റെയും ടാക്സസ് വകുപ്പിന്റെയും (എക്സൈസിന്റെ ചുമതല വഹിക്കുന്നത് ടാക്സസ് ഡിപ്പാർട്ടുമെന്റാണ്) പരിഗണയിലാണ്. ഈ രണ്ട് ഡിപ്പാർട്ടുമെന്റിന്റെയും പരിഗണനയ്ക്ക് കൊടുത്ത് പല നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനും ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനും വേണ്ടിയിട്ടുള്ള ചില നടപടികളുമായി മുന്നോട്ട് നീങ്ങിയതുകൊണ്ടാണ് കാലതാമസം ഉണ്ടായത്. കമ്മീഷന്റെ റിപ്പോർട്ട് പ്രിന്റ് ചെയ്ത് ഒരാഴ്ചയ്ക്കുള്ളിൽ ഗവൺമെന്റിന് കിട്ടും. ഈ സമ്മേളനത്തിൽ തന്നെ ആ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമെന്ന് ഉറപ്പു പറയുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഫിനാൻസ് ബില്ലിന്റെ ഭേദഗതി കൊടുക്കേണ്ടത് 10 മണിക്കായിരുന്നു. മലയാളം കോപ്പി നമുക്ക് ഇതുവരെ കിട്ടിയിട്ടില്ല. ഭേദഗതി കൊടുക്കാനാണെങ്കിൽ സങ്കീർണ്ണമായ ഒരു ബില്ലാണിത്. ഇപ്പോൾതന്നെ "വാറ്റി" ന് പകരമുള്ള സംവിധാനം ഇതിൽ വരികയാണ്. ഇപ്പോൾ എച്ച്.എസ്.എൻ. കോഡ് ആർക്കെങ്കിലും അറിയുമോ? ആ കോഡ് മാറിയാൽ തന്നെ ആ സാധനം തന്നെ മാറി. അതുകൊണ്ട് മലയാളം കോപ്പി കിട്ടാത്തതു പരിഗണിക്കേണ്ടതുണ്ട്.

മി. സ്പീക്കർ : ഞാൻ അത് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly